പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 951 — 05.03.2018 ൽ മറുപടിക്ക്

## റെയിൽവേ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി<br>,, ജോർജ് എം. തോമസ്<br>,, കെ.സുരേഷ് കുറുപ്പ്<br>,, മുരളി പെരുനെല്ലി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പാതയിരട്ടിപ്പ്, പുതിയ പാതകൾ ,പാതകളുടെ വൈദ്യുതീകരണം തുടങ്ങി റെയിൽവേ വികസനത്തിന് അനിവാര്യമായ പദ്ധതികളിൽ ഇത്തവണയും സംസ്ഥാനത്തിന് പരിഗണന നൽകാതിരുന്ന കേന്ദ്രസർക്കാർ നടപടി പുനപരിശോധിക്കാൻ ആവശ്യപ്പെട്ടുമോ; | (എ) യും (ബി) യും കേരളത്തിലെ വിവിധ പാതകളുടെ ഇരട്ടിപ്പും വൈദ്യുതീകരണവും സംബന്ധിച്ച വിഷയങ്ങളിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കണം എന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ നിർമ്മിക്കുവാനുള്ള പദ്ധതി കെ.ആർ.ഡി.സി ഏറ്റെടുത്തിട്ടുണ്ട്.<br>കേരളത്തിൽ ഇപ്പോൾ നിലവിലുള്ള പാത ഏറെക്കുറെ (കൊല്ലം-പുനലൂർ പാത ഒഴികെ) മുഴുവൻ വൈദ്യുതീകരിച്ചതാണ്. പുതിയ പാതകളുടെ വൈദ്യുതീകരണം അത് പ്രവർത്തിയുടെ അവസാന ഘട്ടത്തിലാണ് നടപ്പിലാക്കുക. എല്ലാ പുതിയ പാതകൾക്കും വൈദ്യുതീകരണം ചെയ്യുവാനായിട്ടുള്ള തീരുമാനം റെയിൽവേ കൈക്കൊണ്ടിട്ടുണ്ട്. റെയിൽവേ വികസനത്തിനു അനിവാര്യമായ പദ്ധതികളിൽ സംസ്ഥാനത്തിന് പ്രത്യേക പരിഗണന നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) കഞ്ചിക്കോട് കോച്ച് ഫാക്ടറിക്ക് സംസ്ഥാന സർക്കാർ നാന്നൂറ്റി മുപ്പത്തൊമ്പത് ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകിയെങ്കിലും പദ്ധതി ആരംഭിക്കാൻ തുക വകയിരുത്താത്ത വിവേചനപരമായ നിലപാട് തിരുത്താൻ വേണ്ട സമ്മർദ്ദം ചെലുത്തുമോ; | (ബി) കഞ്ചിക്കോടിലെ റെയിൽ കോച്ച് ഫാക്ടറി ഇനിയും ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കുവാനായി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ അയ്ക്കുകയും എം.പിമാർ വഴിയും ഉദ്യോഗസ്ഥ തലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തു വരുന്നു. |
| (സി) സംസ്ഥാന സർക്കാർ - റെയിൽവേ സംയുക്ത സംരംഭമായ കേരള റെയിൽ | (സി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിയ താഴെ പറയുന്ന പദ്ധതികൾ ഡിസംബർ അവസാന വാരം റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |

ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏതൊക്കെ പദ്ധതികളാണ് നിർദ്ദേശിച്ചിരുന്നതെന്നും അവയിൽ ഏതെങ്കിലും പദ്ധതിക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്നും അറിയിക്കാമോ?

1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് ലൈൻ
4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ ഉൾപ്പെടെ മുകളിൽ പ്രസ്താവിച്ച നാല് പദ്ധതികളുടെയും പ്രാഥമിക സാധ്യതാ പഠന റിപ്പോർട്ടുകൾ റെയിൽവേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിന്മേൽ റെയിൽവേ ബോർഡിൽ നിന്നുള്ള പ്രതികരണം ഇനിയും ലഭിച്ചിട്ടില്ല.

S.R.
സെക്ഷൻ ഓഫീസർ